**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3816** **27-10-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പ് വരുത്തുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട എമിഗ്രേഷൻ ബിൽ പരിശോധനാ വിധേയമാക്കിയിരുന്നോ എന്നറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട എമിഗ്രേഷൻ ബിൽ പരിശോധനാ വിധേയമാക്കിയിരുന്നതും, സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. 23.09.2021-ൽ ശ്രീ.വേണു രാജാമണി ഐ.എഫ്.എസ്. (Rtd), ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഇ.സി.) കേന്ദ്രവിദേശകാര്യ മന്ത്രാലയത്തിലെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ ടി വിഷയം സംബന്ധിച്ച് സംസ്ഥാനം മുന്നോട്ട് വച്ച അഭിപ്രായങ്ങൾ പരമാവധി പരിഗണിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രവാസികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പ് വരുത്തുന്നതിന് കേന്ദ്രസർക്കാരിനു മുമ്പാകെ വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഇതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട എമിഗ്രേഷൻ ബിൽ പരിശോധനാ വിധേയമാക്കിയിരുന്നതും, സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. 23.09.2021-ൽ ശ്രീ.വേണു രാജാമണി ഐ.എഫ്.എസ്. (Rtd), ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഇ.സി.) കേന്ദ്രവിദേശകാര്യ മന്ത്രാലയത്തിലെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ ടി വിഷയം സംബന്ധിച്ച് സംസ്ഥാനം മുന്നോട്ട് വച്ച അഭിപ്രായങ്ങൾ പരമാവധി പരിഗണിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രവാസികളുടെ ക്ഷേമം, സുരക്ഷ, പുനരധിവാസം എന്നിവയ്ക്കായി സംസ്ഥാനം നടത്തുന്ന ഇടപെടലുകളെ കുറിച്ച് അറിയിക്കാമോ? | (സി) | പ്രവാസികളുടെ ക്ഷേമത്തിനും, സുരക്ഷയ്ക്കുമായി നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും, നിലവിലുള്ള ചില പദ്ധതികൾ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

# The Emigration Bill, 2021

The proposed emigration bill 2021 proposes to consolidate and amend the law relating to emigration of citizens of India by repealing the existing emigration act, 1983.

## Suggestions

***I. Comments in General:-***

The whole Indian migrant community is expecting a bill covering the protection and welfare as the preliminary step. It is also important that the bill should include proactive measures to face the challenges and to grab the opportunities of rapidly changing migration trends in the case of choice, channels, destination and technological advances etc. Similarly, it should be in line with the objectives of the Global Compact of Migration.

1. Need for more involvements by Stakeholders: In order to meet the objectives of the bill, more involvement of the stakeholders, representation from Civil society, State agencies like Norka Roots and experts in migration may be considered in the committees.
2. Need Provisions to address disasters: India need a comprehensive policy of Migration to face the crisis and disasters like war, embargo and pandemics, to save the lives of migrants, easy repatriation, ensuring wages and other benefits.
3. Minimum Referral wage fixation and wage theft: Proper mechanisms shall be followed in the cases of fixing Minimum Referral Wages and nonpayment of wage and many forms of wage theft shall be properly addressed. The bill may include the system of protecting the wage of migrants through bilateral agreements, power of attorney to embassy, ensuring legal assistance etc.
4. The bill uses the term 'rehabilitation' instead of 'reintegration'. The term reintegration offers a more holistic approach that ensures the socio-cultural and economic rehabilitation of migrant workers back to their home country. The bill should include a separate section on the functions and operations of the state-run recruitment agencies.

5. It may be further noted that the bill does not follow a 'right-based approach'. The migrant rights at various stages of migration are denied fundamental human and labour rights, and the bill is not in compliance with Global Compact on Migration. The most vulnerable migrants, especially the irregular / undocumented workers, are not considered in the bill. Moreover, the country is yet to ratify major international conventions that protect the rights of migrant workers. Migrant should be recognized as a key stakeholder in the process, and their rights need to be protected at every stage of migration.
6. The Ministry of Labour can introduce various measures that protect the rights and welfare of migrant workers. Unlike the previous acts, the bill ignored the ministry of labour in the labour migration management and made Ministry of External affairs the sole stakeholder.
7. The bill offers several regulatory controls that may create difficulties for aspirant migrant from the country. As per the bill, the cost of migration will increase, and excessive regulation on the human resource agencies would lead to irregular recruitment of workers. Simultaneously, the bill does not offer any protection for the workers in the destination countries. The interest of the workers remains unaddressed even in the new bill.

***II. Chapter-wise comments:-***

**Chapter I (Preliminary):**

The definition emigrate and emigration 2.1(e) omits significant sections of emigrants such as students who migrate for higher studies, dependants of migrants and migrants who travel for employment through VISIT VISAS. Similarly students and dependents of migrants who move to the labour market for employment in the destination countries can also be considered as Labour migrants. Moreover a clear definition of Intending Migrants is needed.

The definition Human Smuggling 2.1(j) is not comprehensive and may lead human smugglers / convicts to evade / escape from legal actions. Definition needs changes.

**Chapter II (Emigration Authorities)**

Relevant Stakeholders in 3.1 needs to be represented from States like Kerala which sends more migrants, Civil Societies, Human Resources agents, Experts in the migration field, Representatives from overseas migrants forum etc.

Representation from Ministries such as External Affairs, Labour and Skill Development may be considered to the posts of Chief of Emigration Policy and Planning and other Officers.

Apart from the regulatory powers offered for the Nodal Committee (7.1) at state level, most of the functions involve excessive financial investments making the States responsible for the welfare of the emigrants and returnees without providing any financial assistance. Meanwhile Centre receives all the economic benefits from the migrants including taxes and other payments. Several vital functions such as consular protection and migration management at the state level are vested with committees, the functions of such committees are executive in nature and there is a lack of clarity on how committees can deliver executive functions.

7.2 says the appointment of Home Secretary as the head of nodal committee, which portrays a negative connotation to the entire mechanism ie. the committee prefers to regulate the process rather than facilitate or protect the interests of migrants. Instead of Home secretary, Secretary NRI Affairs or Labour Department may be considered.

7.4 Even though State Governments establish Nodal Committees, the power will be vested with Officers only.

**Chapter III (Functions of Bureau of Emigration Policy and Planning, Bureau of Emigration Administration and Nodal Committees)**

The Bill should provide the functions of three agencies (BEPP, BEA & Nodal Committee) in detail to avoid overlapping, especially in the case of BEA & Nodal Committee. The responsibilities of every actor in the management should be elaborated as sub-sections.

Mechanisms of monitoring welfare and protection schemes may be included in the bill(8(i)).

The migration of women is rapidly growing in the Indian context, the trend is visible in domestic care work, hospitality sector, healthcare sector and student migration. Even though gender sensitized programs are included as functions of BEPP ( 8(vii) ), the growing women migration from the country demands detailed provisions that ensure safe migration.

8(ix) analyses the source and pattern of remittance. There should be action for the reduction of remittance costs. The remittance costs shall include the cost of prevention of money laundering. Remittance through post offices and cooperative sector banks may also be promoted.

9 (i) & (ii) discuss the need to maintain a digitalized record of the Indian migrants, employers and recruitment agencies. Such information is already collected and analyzed by the Government of India. But the data is yet to be shared with any other stakeholders such as state governments and academia. The existing publicly available numbers are only in the ECR category. So it is essential to maintain a public database (excluding personal information) on migrants and other stakeholders in the country. It will help to improve evidence-based policymaking at the state and national levels.

9(xix) As returnee migrant issues are very important, detailed scope of aid and advice may be included in the bill and need clarification on whether it includes financial aid and rehabilitation schemes for returnee migrants.

10 (i) & (ii) Most of the human resources agencies are functioning in states like Maharashtra and Delhi. However, most of the emigrants are from other states like Kerala. In this situation legal actions may be difficult. In order to solve this issue, the role of BEA may be reconstituted so as to give authority to initiate legal action against agencies specified in the clause 10(i) & (ii).

10 (iii), (iv) & (v). The Bill states that work in coordination with relevant State Departments to devise and implement effective policies and programs towards relief, reintegration and harnessing skills of returnee migrants and mapping of labour clusters in States or Union Territories. The bill does not provide any obligation for the national Government apart from advising the returnees. Rehabilitation involves high financial costs. In the Indian context, the apparent reluctance by the national Government to offer financial support for the reintegration of returnees may lead to the failure of reintegration programs. There need to be an active involvement especially in the case of rehabilitation and harnessing skills of returnee migrants including funding.

Programs for assisting migrants for remigration should be included in the clause.

## Chapter IV ( Human Resources Agencies)

Clause 15: Though the bill is having more stringent provision for regulating HR agencies, there is lack of provisions for protecting the rights of emigrant by granting proper compensation. Considering the facts and circumstances of cases, if the certificate of registration of the HR Agency has been once cancelled, they may be exempted from applying for further registrations. Present proposal of application after the expiry of 5 years provided in clause 15(4) and proviso to clause 12(1) need to be modified accordingly. Otherwise the fraud and cheating in recruitment of emigrants by the Agencies could not be stopped.

Clause 17(iii), (iv) & (vi): Most of the stipulations in this clause are related to the rules and practices of destination countries. Once the recruitment is over and a certain period is elapsed, normally the employers are not keeping any legal binding with HR Agencies. These clauses may be implemented by the committees constituted under the embassies/consulates under section 25 & 26 of the bill.

Provisions may be included for the restriction of collecting unauthorized amount of recruitment fee by the Private Recruitment Agencies and make accountability, monitoring and transparency in the functioning of the Agencies.

If the bill can make the HR Agencies responsible for giving the PDOT and make it as part of process, it will help the prospective employees aware about their rights etc and also seek help from the respective Embassies/Consulate offices of the respective countries.

## Chapter V (Accreditation of Employers)

It would be helpful to avoid delay in registration as Foreign Employer, if there is some specific time period (say within 10 working days) for the approval of the same. This would be good and chances for misuse can also be avoided. Similarly for Country Specific Orders (CSO) also, if a timeline is mentioned for the approval, it will smoothen the process.

## Chapter VI (Appeals)

**Chapter VII (Welfare of Indian Emigrants)**

It would be beneficial for the Indian Emigrants to make provisions in this Chapter of the Bill so as to establish an EMIGRANTS WELFARE FUND. The fund may be utilized for the immediate remedy of emigrants who are facing lack of security in the employment for which recruitment was made or loss of employment and necessary financial assistance for return and reintegration or rehabilitation of such emigrants. For the source of the said fund, registration fee of HR Agencies, emigration fees and fine imposed as penalty and grant, if any, from the Government etc. may be utilized. In case there is no security as assured by the Agency rendered in employment abroad, the fee/expenses charged by the HRA during recruitment from the emigrant may be realized from the Agencies concerned. Specific provisions for such realization and financial responsibility of HR Agencies should be incorporated in the bill, if recruitment was made under misrepresentation or on account of malpractices.

Even though this chapter deals with the formation of labour welfare wing (Clause 25), Welfare committees (Clause 26) and Sahataya Kendra (clause 29) for the migrants, the establishment of these institutions is not mandatory. The bill should use 'shall' instead of 'may' to ensure the formation of such bodies at the consular level. Moreover the term significant number of Indian emigrants in Clause 25 needs to be clarified. The bill should include establishment of labour welfare wings based on the geographical spread of Indian migrants instead of a single labour welfare wing as per the new bill. The new bill is silent as to how the rights of the exploited / victimized migrant workers can be protected or ameliorate in the foreign country.

A State authority may also be included in the Emigrants Welfare Committee so as to speed up the services of the State emigrants (Clause 27)

There is a need to address the issue of obtaining unpaid wage to the migrants and arrangements to get the unpaid wage and other benefits to the family of the deceased (Clause 28)

Provision may be incorporated for the establishment of Sahayata Kendras in the Indian Embassy/Consulate, particularly in GCC countries where significant number of Indian emigrants are employed (Clause 29).

The bill does not do justice in building a proper grievance redressal mechanism. Upgrading and revising initiatives like 'MADAD' is necessary. A

separate section for addressing the grievance redressal should be incorporated in the bill. Access to justice for Indian emigrants, mainly transitional justice mechanisms, need to be bolstered in the context of returning migrants during COVID-19 who have faced severe cases Of wage theft and lack of grievance redressal. The only mention comes in clause 28(i) on the functions of the emigrant welfare committee. It only says the committee offers counseling and legal services. The committee's functions should include accessible or affordable legal aid to increase access to legal services in the destination countries.

**Chapter VIII (Offences and Penalties)**

Clause 32. Imposition of penalty instead of cancelling the certificate of registration of Human Resources Agencies may be enhanced to an extent of Rs.25 lakhs instead of 'not exceeding Rs. 10 lakhs'. It may help in restricting fraudulent and illegal acts of such Agencies.

State Government may also be empowered to make a complaint of cognizance of offences (clause 38). A State authority may also be included in the Emigrants Welfare Committee so as to speed up the services of the State emigrants.

It is better to nominate an acting or retired Judge of the Hon'ble Supreme Court or High Court as adjudicating Officer rather than a Joint Secretary to the Government (clause 39)

**Chapter IX (Miscellaneous)**

The power to search, seize, detain, arrest etc. have to be extended to the State Police, CBI etc in Clause 43.

സെക്ഷൻ ഓഫീസർ

**അനുബന്ധം – 2**

## I. നോർക്ക-റൂട്ട്സ് മുഖേന ലഭിക്കുന്ന സേവനങ്ങൾ

- **സാന്ത്വന പദ്ധതി** – പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയവരിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അടിയന്തിര ഘട്ടങ്ങളിൽ സർക്കാരിന്റെ പിന്തുണ ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ധനസഹായ പദ്ധതി. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസിയുടെ ആശ്രിതർക്ക് 1 ലക്ഷം രൂപവരെയും, ഗുരുതര രോഗങ്ങൾക്ക് ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ ധനസഹായമായി 50,000/- രൂപ വരെയും മറ്റ് ചികിത്സയ്ക്ക് 20,000/- രൂപ വരെയും, സാമ്പത്തികമായി പിന്നാക്കമായിട്ടുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് 15,000/- രൂപയും ധനസഹായം നൽകുന്നു. കൂടാതെ പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽ ചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപ വരെ ധനസഹായം നൽകുന്നു. സാന്ത്വന പദ്ധതിയുടെ കീഴിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിലേക്കായി നടപ്പ് സാമ്പത്തിക വർഷം 30 കോടി രൂപയായി പദ്ധതി വിഹിതം ഉയർത്തിയിട്ടുണ്ട്.
- **പ്രവാസി പുനരധിവാസ പദ്ധതി (NDPREM)** – വിദേശത്ത് നിന്നും തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിൻതുണ നൽകുന്ന പദ്ധതി. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്ന പദ്ധതിയിൽ, 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ലഭ്യമാക്കുന്നുണ്ട്. NDPREM പദ്ധതിയുടെ പദ്ധതിവിഹിതം 2021 - 22 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള 18 കോടിയിൽ നിന്ന് 24.4 കോടി രൂപയായി വർധിപ്പിച്ചു.
- **പ്രവാസി ഭദ്രത:-** കോവിഡ് മൂലം തൊഴിൽ നഷ്ടപെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി 50 കോടി രൂപ വകയിരുത്തി ആരംഭിച്ച നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

  **A) നാനോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - പേൾ) –** അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുളളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ പലിശരഹിത സംരംഭകത്വ വായ്പകളും സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ/ അയൽക്കൂട്ട അംഗത്വം നേടിയ പ്രവാസിയോ, അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് ലഭിക്കുന്നത്. ഇതിന്റെ തിരിച്ചടവ് കാലാവധി 24 മാസമാണ്.

  **B) മൈക്രോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ) –** വിവിധ സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോഓപ്പറേറ്റീവ് സൊസൈറ്റികൾ, കെ.എസ് .

എഫ്.ഇ. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയം തൊഴിൽ വായ്പ നൽകുന്ന പദ്ധതിയിൽ പരമാവധി 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു .അഞ്ചു ലക്ഷം രൂപ വായ്പ തുകയിൽ ഒരു ലക്ഷം രൂപ ആദ്യം തന്നെ മൂലധന സബ്സിഡി അനുവദിക്കും എന്നതാണ് പദ്ധതിയുടെ സവിശേഷത. കൃത്യമായ തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡി നൽകുന്നതാണ്.

**C) പ്രവാസി ഭദ്രത - മെഗാ -** സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തിരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മെഗാ. പ്രസ്തുത പലിശ നിരക്കിൽ, 5% ഗുണഭോക്താവും 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സ് അനുവദിക്കും.

- **നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)** - പ്രവാസികളായ മലയാളികളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു
- **സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ** - വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന മലയാളികൾക്ക് എല്ലാ ജി.സി.സി. രാജ്യങ്ങളിലേക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് (എച്ച്.ആർ.ഡി.) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിന് പുറമെ വിദേശ രാജ്യങ്ങളിൽ സമർപ്പിക്കുവാനുള്ള കേരളത്തിൽ നിന്നുള്ള രേഖകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസി കൂടിയാണ് നോർക്ക-റൂട്ട്സ് .
- **ജോബ് പോർട്ടൽ** - മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ മേഖലയിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ ആഗ്രഹിക്കുന്ന തൊഴിൽ അന്വേഷകരുടേയും ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.
- **നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും** - കേരളത്തിലെ യുവതീയുവാക്കളെ വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരാക്കുവാനായി നൈപുണ്യ നവീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
- **സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം -** രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്ക വിധം കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ദ്ധ്യം, ആശയ വിനിമയ വൈദഗ്ദ്യം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനായി സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് .
- **മാർക്കറ്റ് റിസർച്ച് പദ്ധതി–** നിയമപരവും സുരക്ഷിതവുമായി വിദേശത്ത് തൊഴിൽ ലഭിക്കാൻ നോർക്ക റൂട്ട്സിൽ റിക്രൂട്ട്മെന്റ് വിഭാഗം പ്രവർത്തിച്ചു വരുന്നു. റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യവികസനം, നിയമ സഹായം, ഇൻഷുറൻസ് സഹായം എന്നിവ യുക്തിസഹമാക്കാൻ മാർക്കറ്റ് റിസേർച്ച് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.
- **പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ** - വിദേശത്ത് തൊഴിൽ തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും, സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്ന തിനായും തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നോർക്ക-റൂട്ട്സ് സമഗ്രമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

- **നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്** -കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചു.
- **ഗ്ലോബൽ കോൺടാക്ട് സെന്റർ** - പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിനും, സംശയ നിവാരണത്തിനും ഉതകുന്ന ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന ലോകോത്തര മാതൃകയിലുള്ള ഗ്ലോബൽ കോൺടാക്ട് സെന്റർ നോർക്ക റൂട്ട്സ് വഴി 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്.
- **പ്രവാസി നിയമസഹായ പദ്ധതി** - കേരളീയരായ പ്രവാസികളുടെ ജോലി സംബന്ധമായും, വിസ, പാസ്പോർട്ട്, മറ്റുസാമൂഹ്യ പ്രശ്നങ്ങൾ, ആശുപത്രി ചികിത്സ, ജയിൽ ശിക്ഷ തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നവർക്ക് അതാത് രാജ്യത്തെ മലയാളി അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമ സഹായസെൽ. നിസ്സഹായരായ പ്രവാസി മലയാളികൾക്ക് നിയമസഹായം നിഷേധിക്കപ്പെടുന്ന സാഹചര്യം ഇതിലൂടെ ഒഴിവാക്കാനാകും. ഇതിനായി ആറ് ജി.സി.സി രാജ്യങ്ങളിലേക്കായി 11 ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചു.
- **വനിത എൻ.ആർ.ഐ. സെൽ** - വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിച്ച യഥാവിധം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി വേണ്ട നടപടികൾ കൈകൊള്ളുന്നതിനും നോർക്ക റൂട്ട്സിൽ പ്രവാസി വനിതാ സെൽ രൂപീകരിച്ചു.
- **ജില്ലാ പ്രവാസി പരാതിപരിഹാര കമ്മിറ്റി**- പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായിഎല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചു.
- **പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം** -പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം പ്രവാസികൾ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്ക് 3 ലക്ഷം രൂപ വരെ ഒറ്റതവണ ധനസഹായം നൽകുന്നു. കൂടാതെ പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.
- **നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്**- നോർക്ക റൂട്ട്സും ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷനുമായി സഹകരിച്ച്, അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന മലയാളികളെ അല്ലെങ്കിൽ മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിൽ നിന്നും, കൂടാതെ മംഗലപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽ നിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന

ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്നതിന് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് ആരംഭിച്ചു.

- **എമർജൻസി റിപാട്രിയേഷൻ ഫണ്ട്** - അടിയന്തര ഘട്ടങ്ങളിൽ, വിദേശ രാഷ്ട്രങ്ങളിലുള്ള പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്ത് നിന്നോ, തൊഴിൽ സ്ഥലത്ത് നിന്നോ നാട്ടിലുള്ള വിമാനത്താവളങ്ങളിൽ സ്വീകരിച്ച് അതാത് പ്രദേശങ്ങളിലേയ്ക്ക്/ആശുപത്രികളിലേയ്ക്ക് എത്തിക്കുന്ന തിന് എമർജൻസി റിപാട്രിയേഷൻ ഫണ്ട് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്
- **നോർക്ക അസിസ്റ്റഡ് ബോഡി റിപ്പാട്രിയേഷൻ സ്കീം** - എമർജൻസി റിപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതിയിൽ, വിദേശ രാജ്യങ്ങളിൽ വെച്ച് മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ, സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്ത പക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നു .
- **ലോക കേരള സഭ** - ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി ലോക കേരള സഭ രൂപീകരിച്ചു.
- **നോർക്ക ഐഡി കാർഡ്** - നോർക്ക ഐഡി കാർഡ് എടുക്കുന്ന പ്രവാസിക്ക് നിലവിൽ അപകടം മൂലമുള്ള മരണത്തിന് 4 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും അപകടം മൂലമുള്ള ഭാഗികമോ/ സ്ഥിരമോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു.
- **ക്രിട്ടിക്കൽ കെയർ ഇൻഷ്വറൻസ് പദ്ധതി** - 2021 ജനുവരി മാസത്തിൽ ആരംഭിച്ച പദ്ധതിയിൽ, വിദേശത്തു ജോലി ചെയ്യുന്ന കേരളീയർക്ക് ഗുരുതര അസുഖങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പോളിസിയിൽ പറയുന്ന പ്രകാരമുള്ള രോഗമുണ്ടായാൽ ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും കൂടാതെ 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയിൽ 18-നും 60-നും മദ്ധ്യേ പ്രായമുള്ളവർക്ക് അംഗങ്ങളാകാവുന്നതാണ്.
- **പ്രവാസി തണൽ പദ്ധതി**_ - കോവിഡ് മൂലം നാട്ടിലും വിദേശത്തും മരണമടഞ്ഞ പ്രവാസികളുടെ അവിവാഹിതരായ പെൺ കുട്ടികൾക്ക് പ്രമുഖ പ്രവാസി വ്യവസായി രവിപിള്ളയുടെ RP ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ 25000 /- രൂപയുടെ ഒറ്റത്തവണ വിവാഹ ധനസഹായം ലഭ്യമാക്കുന്നു .

## 2. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന ലഭിക്കുന്ന സേവനങ്ങൾ

**(1)പെൻഷൻ-** 60 വയസ്സ് പൂർത്തിയായതും, 5 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ അംഗത്തിനും കാറ്റഗറി വ്യത്യാസമില്ലാതെ പ്രതിമാസം 2000/- രൂപ മിനിമം പെൻഷൻ നൽകി വരുന്നു. 5 വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുവാൻ പാടുള്ളതല്ല.

**(2)കുടുംബ പെൻഷൻ** – ഒരു അംഗം പെൻഷന് അർഹത നേടിയതിന് ശേഷം മരണമടയുന്ന പക്ഷം അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപതു ശതമാനം അയാളുടെ നിയമാനുസൃത അവകാശിക്ക് പ്രതിമാസം കുടുംബ പെൻഷനായി ലഭിക്കുന്നതാണ്.

**(3)അവശതാ പെൻഷൻ** – പ്രവാസി ക്ഷേമ നിധിയിൽ മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശതമൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതുമായ അംഗങ്ങൾക്ക് മിനിമം പെൻഷൻ തുകയുടെ 40% ന് തുല്യമായ തുക പ്രതിമാസ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**(4) മരണാനന്തര ധനസഹായം** – പ്രവാസി ക്ഷേമനിധിയിൽ, അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ, മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും, വിദേശത്ത് നിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ (ഭാരതം) കൽപിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(5)ചികിത്സാ ധനസഹായം** – ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സക്കായി ഒരംഗത്തിന് കാറ്റഗറി വ്യത്യാസമില്ലാതെ അംഗത്വകാലയളവിൽ അൻപതിനായിരം രൂപ വരെ ചികിത്സ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(6)വിവാഹ ധനസഹായം** – കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വനിതാ അംഗങ്ങളുടെയും വിവാഹ ചെലവിനായി 10,000/- രൂപയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**(7) പ്രസവാനുകൂല്യം –** കല്പിതാംഗങ്ങൾ ഒഴികെയുള്ള തുടർച്ചയായി രണ്ടുവർഷക്കാലം അംശദായം അടച്ചിട്ടുള്ള വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി 3,000/- രൂപയും, ഗർഭം അലസൽ സംഭവിച്ചവർക്ക് 2000/- രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ പ്രസവാനുകൂല്യത്തിനോ, ഗർഭം അലസലിനുള്ള ആനുകൂല്യത്തിനോ അർഹതയുണ്ടായിരിക്കുന്നതല്ല.

**(8) വിദ്യാഭ്യാസ ആനുകൂല്യം –** രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി പരമാവധി 4,000/- രൂപ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(9) പ്രവാസി ഡിവിഡന്റ് പദ്ധതി** – പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനായും ഉള്ള ദീർഘകാല നിക്ഷേപ പദ്ധതിയിൽ നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ജീവിതാവസാനം വരെ സുസ്ഥിരമായ മാസവരുമാനം ഉറപ്പാക്കുന്നു. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽ നിന്നും സ്വീകരിക്കുകയും അത് സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്ക് കൈമാറി അടിസ്ഥാന സൗകര്യവികസനത്തിനായി വിനിയോഗിക്കുന്നതുമാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിക്ഷേപങ്ങൾ ഇതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസിയായ കിഫ്ബിയ്ക്ക് കൈമാറും. കൈമാറ്റം ചെയ്യപ്പെടുന്ന തുകയ്ക്ക് കിഫ്ബി നൽകുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ടാണ് നിലവിൽ നിക്ഷേപകർക്ക് ഉറപ്പാക്കപ്പെട്ട 10% ഡിവിഡന്റ് നൽകുന്നത്. ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റ് നിക്ഷേപതുകയോടൊപ്പം ചേർക്കും.

ഈ തുകയുടെ 10% നിരക്കിലുള്ള ഡിവിഡന്റാണ് 4-ാം വർഷം മുതൽ നിക്ഷേപകനും അദ്ദേഹത്തിന്റെ കാലശേഷം ജീവിത പങ്കാളിക്കും പ്രതിമാസമായി ലഭിക്കുന്നത്. ജീവിത പങ്കാളിയുടെ കാലശേഷം ആദ്യ 3 വർഷത്തെ ഡിവിഡന്റ് ഉൾപ്പെടെയുള്ള നിക്ഷേപ തുക നോമിനി/അനന്തരാവകാശിക്ക് കൈമാറുന്നതോടെ പ്രതിമാസം ഡിവിഡന്റ് നൽകുന്നത് അവസാനിക്കും.

സെക്ഷൻ ഓഫീസർ